## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4127 26.06.2013 -ൽ മറുപടിക്ക്.

### അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ

| ചോദ്യം<br>ശ്രീ. പി. കെ. ബഷീർ : | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് അന്യ സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) എങ്കിൽ ഇവരെ സംബന്ധിച്ച് കൃത്യമായ വിവരം തൊഴിൽ വകുപ്പിന്റെ പക്കൽ ഉണ്ടോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) ബാധകമല്ല. |
| (സി) പ്രസ്തുത തൊഴിലാളികളെ പണിക്ക് കൊണ്ടുവരുന്ന സ്പോൺസർമാർ കൃത്യമായി ലേബർ ഓഫീസിലോ, അടുത്തുള്ള പോലീസ് സ്റ്റേഷനിലോ ഇവരെ സംബന്ധിച്ച് വിവരങ്ങൾ കൈമാറുന്നതിനും, തൊഴിലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) ഇൻറർസ്റ്റേറ്റ് മൈഗ്രൻറ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെൻറ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്റ്റ് 1979 അഞ്ചോ അതിലധികമോ അന്യ സംസ്ഥാന തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യിപ്പിക്കുന്നതിന് കരാറുകാരൻ സ്വദേശത്ത് നിന്നും ISMW (RE & CS) Act 1979 പ്രകാരം recruiting licence നേടേണ്ടതുണ്ട്. അപ്രകാരം ലൈസൻസ് ലഭിച്ച് കേരളത്തിലെത്തിക്കുന്ന അന്യ സംസ്ഥാന തൊഴിലാളികൾക്ക് തൊഴിലുടമകൾ മേൽനിയമാനുസൃതമായ തിരിച്ചറിയൽ കാർഡുകൾ നൽകേണ്ടതുണ്ട്. ആയത് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തി ഉറപ്പ് വരുത്തുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളെയും അവരെ കേരളത്തിലെത്തിക്കുന്ന സ്പോൺസർ/ഏജൻറുമാരെ തൊഴിലുടമകളുടെ ഉത്തരവാദിത്വത്തിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ തിരിച്ചറിയൽ കാർഡുകളുടെ പകർപ്പ് സഹിതം ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശാനുസരണം രജിസ്റ്റർ ചെയ്യിക്കുന്നു. |

സെക്ഷൻ ആഫീസർ.